മക്കൾ തന്നെ മാമൻ എന്നു വിളിക്കുന്നുവെന്ന് ആനന്ദൻ സമ്മതിച്ചു എന്ന് ഇന്നത്തെ മലയാള മനോരമ റിപ്പോർട്ട് ചെയ്തിരുന്നു. ശ്രീ. ടി.എം. ജേക്കബ് ആണ് മണിച്ചന്റെ മക്കൾ തന്നെ മാമൻ എന്നാണ് വിളിക്കുക എന്നുപറഞ്ഞത്. എന്നിട്ട് എന്റെ പ്രസംഗത്തിൽ അത് തിരുകി കയറ്റി മണിച്ചനും ഞാനും അടുപ്പക്കാരാണെന്നു വരുത്തി രാഷ്ട്രീയ മുതലെടുപ്പു നടത്താനുള്ള ബോധപൂർവ്വമായ ശ്രമമാണ് മലയാള മനോരമ ചെയ്തിരിക്കുന്നത്. എന്റെ പ്രസംഗത്തിൽ ഞാനങ്ങനെ പറഞ്ഞിട്ടില്ല. പറയാത്ത കാര്യം പറഞ്ഞു എന്നാണ് പത്രം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അത് കറക്ട് ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, എന്റെ പ്രസംഗത്തിൽ ഞാൻ പറഞ്ഞു എന്നാണ് പറയുന്നത്. ശ്രീ. ആനത്തലവട്ടം ആനന്ദനെ ഇപ്പോൾ മാമൻ എന്നാണോ മാമിയെന്നാണോ വിളിക്കുന്നതെന്ന് എനിക്കറിയില്ല. എന്റെ പ്രസംഗത്തിലൊന്നും ഞാനങ്ങനെ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യം ഇവിടെ രേഖയിലുണ്ട്.

<u>മി.സ്പീക്കർ</u> : രണ്ടുപേരും കറക്ടു ചെയ്തു... ബഹളം... അതിനിടെ പ്രിവിലേജ് ഉണ്ടല്ലോ.

XI. ക്രമപ്രശ്നം

ആക്ഷൻടേക്കൺ റിപ്പോർട്ടുകൾ യഥാസമയം ലഭിക്കാത്തതു സംബന്ധിച്ച്

<u>ശ്രീ. സത്യൻ മൊകേരി</u> : സർ, ലെജിസ്ലേച്ചറിനെ ബാധിക്കുന്ന ഏറ്റവും ഗൗരവമായ ഒരു വിഷയമാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ലെജിസ്ലേച്ചറിന്റെ പ്രവർത്തനങ്ങൾ ഇഫക്ടീവായി മുന്നോട്ടു കൊണ്ടുപോകുന്നതിന് എക്സിക്യൂട്ടീവ് സഹകരിക്കുന്നില്ല. ആർബിട്രറിയായിട്ടുള്ള നിലപാട്, ലെജിസ്ലേച്ചറിനോടുള്ള എക്സിക്യൂട്ടീവിന്റെ അക്കൗണ്ടബിലിറ്റി നമ്മുടെ സംസ്ഥാനത്ത് പാലിക്കുന്നുണ്ടോ? വേണ്ടത്ര പാലിക്കുന്നില്ല എക്സിക്യൂട്ടീവ് ഗൗരവമായി ഈ വിഷയങ്ങൾ എടുക്കുന്നില്ല. എന്നുള്ളതാണ് എനിക്ക് ഈ സഭയിൽ പറയാനുള്ളത്. നിയമസഭാ കമ്മിറ്റികൾ പ്രത്യേകിച്ചും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി, പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റി, എസ്റ്റിമേറ്റ്സ് കമ്മിറ്റി ഈ മൂന്നു കമ്മിറ്റികളും കോൺസ്റ്റിറ്റ്യൂഷണൽ ബോഡീസാണ്. നിയമസഭ ഇലക്ടു ചെയ്തിട്ടാണ് അതിലെ മെമ്പർമാരെ തെരഞ്ഞെടുക്കുന്നത്. ആ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾപോലും എക്സിക്യൂട്ടീവിന്റെ നിസ്സഹകരണം കാരണം ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമാണുള്ളത്. അഞ്ചും പത്തും വർഷക്കാലത്തെ ആഡിറ്റ് എൻകയറി പെൻഡിംഗിലാണ്. പി.എ.സി., പി.യു.സി., എസ്റ്റിമേറ്റ്സ് കമ്മിറ്റി എന്നീ കമ്മിറ്റികൾ റിപ്പോർട്ട് നൽകിക്കഴിഞ്ഞാൽ ബിസിനസ് റൂൾ അനുസരിച്ച് മൂന്നു മാസത്തിനകം ആ റിപ്പോർട്ടിൻമേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണമെന്നുള്ളതാണ്. മൂന്നുമാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകണമെന്ന് ബിസിനസ് റൂളിൽ പറഞ്ഞിട്ടും 1982-84 മുതൽ പി.എ.സി. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ ഉണ്ടായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

അത് വളരെ ഗുരുതരമായ വിഷയമാണ്. അങ്ങനെ ആക്ഷൻ ടേക്കൺ ഇല്ലെങ്കിൽ ഈ കമ്മിറ്റി റിപ്പോർട്ട് നൽകുന്നതിൽ എന്താണ് അർത്ഥമുള്ളത്? അതു ചെയ്യേണ്ടതാരാണ്? എക്സിക്യൂട്ടീവാണ് അതുചെയ്യേണ്ടത്. എക്സിക്യൂട്ടീവ് അത് നിർവ്വഹിക്കുന്നില്ല. 1982-84, 1984-86 എന്നീ വർഷങ്ങളിലായി 31 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ വന്നിട്ടില്ല. ടാക്സ്സ് ഡിപ്പാർട്ടുമെന്റിൽ മാത്രമായി 20 റിപ്പോർട്ടുകളാണുള്ളത്. 1987-89-ൽ പി.എ.സി. സമർപ്പിച്ചിട്ടുള്ള 47 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ ഉണ്ടായിട്ടില്ല. ജനറൽ എഡ്യൂക്കേഷൻ 33, ടാക്സസ്-6, ഇറിഗേഷൻ-10. 1989-91-ൽ പി.എ.സി. കമ്മിറ്റി നൽകിയിട്ടുള്ള റിപ്പോർട്ടിൽ 52 എണ്ണത്തിൽ ആക്ഷൻ ടേക്കൺ നടന്നിട്ടില്ല. ജനറൽ എഡ്യൂക്കേഷൻ

12, ടാക്സസ്-11, വ്യവസായ വകുപ്പ്-7 അതുപോലെതന്നെ 1991-93-ൽ 83 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുള്ളതിൽ ആക്ഷൻ ടേക്കൺ നൽകിയിട്ടില്ല-അത് ഇറിഗേഷൻ-42, ടാക്സസ്സ് ഡിപ്പാർട്ടുമെന്റ്-20 1993-95-ലെ റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ പെന്റിംഗ്-96, ഫൈനാൻസ്-7, ഇറിഗേഷൻ-65, ടാക്സ്സ്-17, 1995-96-ൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ 54 എണ്ണം നൽകിയിട്ടില്ല. 1996-98-ൽ 131 റിപ്പോർട്ടുകളിൽ ആക്ഷൻ ടേക്കൺ നൽകിയിട്ടില്ല. 1998-2000 കറന്റ് ഇയറിൽ 311. മൂന്നു മാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ചിരിക്കണമെന്ന് പറഞ്ഞിട്ടും 20 വർഷം 15 വർഷമൊക്കെയായിട്ടും റിപ്പോർട്ടുകൾ നൽകുന്നില്ലെന്നു പറഞ്ഞാൽ എവിടേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. ലെജിസ്ലേച്ചറിന് മുമ്പിലുള്ള അധികാരങ്ങൾ, അതിനുള്ള ചുമതലകൾ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിഞ്ഞിട്ടില്ലെന്നു പറഞ്ഞാൽ ഇതിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാവുകയല്ലേ ചെയ്യുക. ഇത്തരം വിഷയങ്ങൾ മുമ്പിൽ വന്നപ്പോൾ പാർലമെന്റ് തന്നെ മുൻകൈ എടുത്തുകൊണ്ട് ശക്തർ കമ്മിറ്റി എന്നു പറഞ്ഞ് ഒരു ഹൈലെവൽ കമ്മിറ്റി രൂപീകരിക്കുയുണ്ടായി. ആ ഹൈലെവൽ കമ്മിറ്റി വന്നതിനുശേഷം ഈ വിഷയങ്ങൾ ലഘൂരിക്കുന്നതിനുള്ള നടപടികളുണ്ടാകണമെന്ന് സ്റ്റേറ്റിനോട് ആവശ്യപ്പെട്ടു. ഹൈലെവൽ കമ്മിറ്റി റിപ്പോർട്ട് നമ്മുടെ സ്റ്റേറ്റ് അംഗീകരിച്ചതാണ്. സ്റ്റേറ്റ് അംഗീകരിച്ചതിനുശേഷവും ഒരു പുരോഗതിയും എക്സിക്യൂട്ടീവിന്റെ ഭാഗത്തു നിന്നുണ്ടാകുന്നില്ല. ഗവൺമെന്റ് സെക്രട്ടേറിയറ്റ് പോസിറ്റീവായി അതിനോട് റെസ്പോണ്ട് ചെയ്യുന്നില്ല. നമ്മുടെ സംസ്ഥാനത്ത് ലെജിസ്ലേച്ചറിനോടുള്ള അക്കൗണ്ടബിലിറ്റി പാലിക്കാത്ത സ്ഥിതിവിശേഷം വന്നു ചേരുന്നത് വളരെ ഗൗരവമായി കണക്കിലെടുക്കണം. നിയമസഭാ കമ്മിറ്റികൾ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ സ്തംഭനാവസ്ഥിലേയ്ക്കു വരുമെന്നു മാത്രം ശ്രദ്ധയിൽപ്പെടുത്തുന്നു. അങ്ങ് ഈ വിഷയത്തിൽ അടിയന്തിരമായി നടപടിയെടുക്കണം. അങ്ങ് ഇടപെടേണ്ട സമയമായിരിക്കുന്നുവെന്നാണ് എനിക്ക് പറയാനുള്ളത്.

XII. റൂളിംഗ്

മി.സ്പീക്കർ : ശ്രീ. സത്യൻമൊകേരി ഇവിടെ ഉന്നയിച്ച വിഷയം കമ്മിറ്റികളെ സംബന്ധിച്ച്, നിയമസഭയെ സംബന്ധിച്ച് വളരെ പ്രധാനപ്പെട്ടതാണ്. അതു ചെയർ മനസ്സിലാക്കുന്നു. അതിവിടെ ഉന്നയിച്ചതിനു അദ്ദേഹത്തോടു നന്ദി പറയുന്നു. നമ്മുടെ നിയമസഭാ കമ്മിറ്റികൾ, സബ്ജക്ട് കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly